"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജു.ഇ.എം.-ന് പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2897/2022/LSGD തീയതി,തിരുവനന്തപുരം, 23-11-2022

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 02.04.2022 തീയതിയിലെ ഇ7-13487/2021 നമ്പർ കത്ത്.
2. കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 12.10.2022 തീയതിയിലെ PD2/20118/2021 നമ്പർ സാക്ഷ്യപത്രം.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. രാജു.ഇ.എം 2021 നിയമസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് കളമശ്ശേരി നിയമസഭാമണ്ഡലത്തിലെ ഇലക്ഷൻ ഡ്യൂട്ടി നിർവ്വഹിച്ചതിനുശേഷം 06.04.2021-തീയതി തിരികെ പോകുന്ന വഴിക്ക് വാഹനാപകടം സംഭവിക്കുകയും തുടർന്ന് ചികിത്സയിലായിരിക്കുകയും ചെയ്തതിനാൽ ടിയാൾക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം 07.04.2021 മുതൽ 31.08.2021 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും, ഡ്യൂട്ടിയ്ക്കിടയിലാണ് ടിയാന് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരിയായ കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം പരാമർശം (1) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യഡയറക്ടറുടെ ശുപാർശ പരിഗണിച്ച് കൊച്ചി നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. രാജു.ഇ.എം-ന്, 2021 നിയമസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് കളമശ്ശേരി നിയമസഭാമണ്ഡലത്തിലെ ഇലക്ഷൻ ഡ്യൂട്ടി നിർവ്വഹിച്ചതിനുശേഷം 06.04.2021-തീയതി തിരികെ പോകുന്ന വഴിക്ക് സംഭവിച്ച വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്ന 07.04.2021 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ 07.04.2021 മുതൽ 03.08.2021-വരെ (119 ദിവസം) കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

3. 04.08.2021 മുതൽ 31.08.2021 വരെയുള്ള അവധി കാലയളവ് ചട്ടപ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയശേഷം ക്രെഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ, കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDUMOLE M
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. രാജു.ഇ.എം, ക്ലർക്ക്, കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊച്ചി നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)

സ.ഉ.(സാധാ) നം.2897/2022/LSGD

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sonu Jacob
Date: 23-11-2022 11:16:36
സെക്ഷൻ ഓഫീസർ